# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം, ജീവനക്കാര്യവിഭാഗം - ശ്രീമതി. അജിമോൾ.ജി - ഫുൾടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

പരാമർശം : 1. തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസിൽ നിന്നുള്ള 11.06.2020 തീയതിയിലെ നമ്പർ 10-2020/118 എന്ന കത്ത്.
2. ജയിലാസ്ഥാനകാര്യാലയത്തിൽ നിന്നുള്ള 14.09.2020 തീയതിയിലെ ഇതേ നമ്പർ കത്ത്.
3. റാങ്ക് ലിസ്റ്റ് നം.E3-6488/2015/PrHQ, തീയതി: 18/12/2020.

**<u>ഉത്തരവ് നമ്പർ. E3-6488/2015/PrHQ; തീയതി : 28-12-2020</u>**

ജയിലാസ്ഥാനകാര്യാലയത്തിൽ നിലവിലുള്ള ഫുൾടൈം സ്വീപ്പർ തസ്തികയിലെ ഒഴിവിൽ നിയമനം നടത്തുന്നതിനായി തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പരാമർശം (1) പ്രകാരം ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്തിരുന്നു. പരാമർശം (2) പ്രകാരം 28.09.2020 ന് ടി ഉദ്യോഗാർത്ഥികൾക്ക് കൂടിക്കാഴ്ചക്ക് അവസരം നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

ടി സാഹചര്യത്തിൽ സ്പെഷ്യൽ റൂൾസ് ഫോർ കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് കാറ്റഗറി 4 (ബി) യിലെ വ്യവസ്ഥകൾ പ്രകാരം, പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച റാങ്ക് ലിസ്റ്റിലെ ഒന്നാം റാങ്കു കാരിയായ ശ്രീമതി. അജിമോൾ ജി, Puthuval Puthen Veedu, Beena Bhavan, TC-80/2880, Madhavapuram, Titanium, Thiruvananthapuram എന്ന വ്യക്തിയെ 16,500 – 35,700 രൂപ ശംബളസ്കെയിലിൽ ജയിലാസ്ഥാനകാര്യാലയത്തിലെ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ താൽക്കാലികമായി നിയമിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് ലഭിച്ച് 14 ദിവസത്തിനകം താങ്കൾ ചുവടെ ചേർക്കുന്ന രേഖകളുമായി ജയിൽ ആസ്ഥാനകാര്യാലയത്തിലെ നിയമനാധികാരി മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതാണ്.

1. വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, മേൽവിലാസം എന്നിവയുടെ ഒറിജിനൽ.
2. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ് അസ്സൽ.
3. റവന്യൂ അധികാരിയിൽ നിന്നും ലഭ്യമാക്കിയ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.
4. അടുത്തിടെ എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ്.
5. 30.06.2016 തീയതിയിലെ ജി.ഒ(പി)നം.20/2011/ P&ARD എന്ന സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം, സർക്കാർ സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഫോട്ടോയും, വിരലടയാളവും പതിച്ച മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.
6. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോൺഡക്ട് സർട്ടിഫിക്കറ്റ്.

ഭർത്താവ് മരിച്ചുപോയവർ, വിവാഹമോചനം നേടിയവർ, 35 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ എന്നീ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ അവ തെളിയിക്കുന്ന ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

തെറ്റായ വിവരങ്ങൾ നൽകി നിയമനത്തിനായി തെരഞ്ഞെടുത്തു എന്ന് തെളിയുന്ന പക്ഷം, അപ്രകാരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയെ സേവനത്തിൽ നിന്നും നീക്കുന്നതും, നിയമ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

നിശ്ചിത സമയപരിധിക്കുള്ളിൽ ജോലിക്ക് ഹാജരാകാത്തപക്ഷം, യാതൊരു മുന്നറിയിപ്പും കൂടാതെ താങ്കളുടെ നിയമനം റദ്ദ് ചെയ്യുന്നതും തൊട്ടടുത്ത റാങ്കുകാരിയെ / റാങ്കുകാരനെ നിയമനത്തിനായി പരിഗണിക്കുന്നതുമാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : ശ്രീമതി. അജിമോൾ ജി,
Puthuval Puthen Veedu,
Beena Bhavan, TC-80/2880,
Madhavapuram, Titanium, Thiruvananthapuram.
(Registered With A/D)

പകർപ്പ് : 1. ജില്ലാ കളക്ടർ,
കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ,
തിരുവനന്തപുരം [ഉപരിപത്രം സഹിതം (രജിസ്റ്റേർഡ് വിത്ത് എ.ഡി) .
2. എംപ്ലോയ്മെന്റ് ഓഫീസർ,
ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്,
തിരുവനന്തപുരം.

E3-6488/2015/PrHQ

d8fd5e